**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 831** **09-08-2023 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ ന്യായവില നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് താലൂക്കിലെ മുന്നാട് വില്ലേജിൽ 2010-ലെ ഭൂമിയുടെ ന്യായവില നിർണ്ണയത്തിൽ തൊട്ടടുത്ത വില്ലേജുകളെ അപേക്ഷിച്ച് ന്യായവില വളരെ കൂടുതലാണെന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | ഉണ്ട്. കാസർഗോഡ് ജില്ലയിൽ ബേഡടുക്ക പഞ്ചായത്തിൽ മുന്നാട് വില്ലേജിൽ 2010 ലെ ഭൂമിയുടെ ന്യായവില നിർണ്ണയത്തിൽ തൊട്ടടുത്ത കുറ്റിക്കോൽ ബേഡടുക്ക വില്ലേജുകളെ അപേക്ഷിച്ച് ക്രമാതീതമായ വർദ്ധനവ് ഉണ്ടായെന്നും ഇത്തരത്തിലുള്ള വർദ്ധനവ് കാരണം കർഷകർ വലിയ ദുരിതം അനുഭവിച്ച് വരുന്നുവെന്നും ഈ കാരണത്താൽ ഗുരുതരമായ അസുഖം ബാധിച്ചവർ സ്വന്തം ഭൂമി വിൽപ്പന നടത്തി ചികിത്സിക്കാൻ പോലും കഴിയാത്ത അവസ്ഥയിലാണെന്നും ആയതിനാൽ മുന്നാട് വില്ലേജിലെ കർഷകരുടെയും ഭൂമി ഉടമകളുടെയും പ്രയാസം പരിഹരിക്കുന്നതിന് അടിയന്തിരമായി ഇടപെട്ട് പരിഹാരം ഉണ്ടാക്കി തരണമെന്ന് ആവശ്യപ്പെട്ട് കേരള കർഷക സംഘം മുന്നാട് മേഖല കമ്മറ്റി ഒരു കൂട്ടം കർഷകരുടെ ഒപ്പ് ശേഖരണം സഹിതം ബഹു ജില്ലാ കലക്ടർ മുൻപാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | തൊട്ടടുത്ത വില്ലേജുകളെ അപേക്ഷിച്ച് പരിമിതമായ ഗതാഗത സൗകര്യമുള്ള പ്രസ്തുത വില്ലേജിൽ ഭൂമിയുടെ ന്യായവിലയിലെ ഭീമമായ വർദ്ധനവ് പരിഹരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനങ്ങളിൽ എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | ലഭ്യമായ നിവേദനങ്ങളിൽ അന്വേഷണം നടത്തി കർഷകർക്ക് മറുപടി നൽകുന്നതിലേയ്ക്കും ന്യായ വിലയിൽ അപാകതകൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിലേയ്ക്കുമായി അപേക്ഷകൾ ബഹു. ജില്ലാ കളക്ടർ ആർ.ഡി.ഓ. ഓഫീസിലേയ്ക്ക് കൈമാറിയിട്ടുള്ളതും ആയത് പരിശോധിച്ചിട്ടുള്ളതിൽ മുന്നാട് വില്ലേജിലെ ഏത് പ്രദേശത്താണോ ഏത് സർവ്വേ നമ്പറുകളിലാണോ എന്ന് പരാതിയിൽ വ്യക്തമല്ലാത്തതിനാൽ പരാതി കക്ഷിയുമായി ബന്ധപ്പെട്ട് വിവരങ്ങൾ ലഭ്യമാക്കി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് 28/01/2023 ൽ കാസർഗോഡ് തഹസിൽദാർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. |
| (സി) | പാവപ്പെട്ട കർഷകരുള്ള ഈ വില്ലേജിൽ ഭീമമായ ന്യായവില മൂലം ഭൂമി രജിസ്ട്രേഷൻ മറ്റ് വില്ലേജുകളെ | (സി) | ഉണ്ട്. ടി വിഷയത്തിൽ കാസർഗോഡ് തഹസിൽദാരിൽ നിന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | അപേക്ഷിച്ച് കുറവാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ? | | തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ